മുമ്പ് 1959 ഡിസംബർ മാസം 31-ാം തീയതിയും അതിനുശേഷം 1960 സെപ്റ്റംബർ 14-ാം തീയതിയും വീണ്ടും 1964 ജൂലൈ മാസം 27-ാം തീയതിയുമായി വിവിധ ഗവൺമെന്റ് ഓർഡറുകൾ ഈ വിഷയത്തെ സംബന്ധിച്ച് ഇറക്കിയിട്ടുണ്ട്. ആ ഓർഡറിലെ ഒരു പ്രസക്തഭാഗം ഞാൻ വായിക്കട്ടെ:

"Government have issued orders in the G.Os read above for giving due representations to Scheduled and Backward Classes for appointment in government owned industries and government aided private industries. The Ministry of Industry and Supply in their letter No. IP II/64, dated, 27th August, 1964 have also issued instructions to the various organisations of employers in the private sector requesting them to impress upon their members and constituents the desirability of providing a due share of employment to the members of Scheduled Castes and Scheduled Tribes." ചുരുക്കത്തിൽ പറയട്ടെ. 1960 കാലഘട്ടം മുതൽ തന്നെ മൂന്നു നാല് ഓർഡറുകൾ ഈ വിഷയത്തെ സംബന്ധിച്ച് ഇറക്കിയിട്ടുണ്ട്. ഈ ഓർഡറുകൾ ഉണ്ടായിട്ടുപോലും ഇതുവരെ ഈ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവിഭാഗക്കാർക്കും പിന്നോക്കജാതിക്കാർക്കും സംവരണം കൊടുത്തിട്ടില്ല. അതുകൊണ്ട് മുൻകാലങ്ങളിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഈ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും ജോലി സംവരണം അനുവദിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ ജാതി സംവരണപ്രകാരം തൊഴിൽ നൽകുന്നതു നിർബന്ധിതമാക്കുന്ന ഉത്തരവുകളൊന്നും ഉണ്ടായിട്ടില്ല. 1965 ജനുവരി 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.എം.എസ്. നമ്പർ 4/6 റവന്യൂ ജെ. ഡിപ്പാർട്ടുമെന്റ് പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായങ്ങളിലും സർക്കാർ സഹായധനം നൽകുന്ന സ്വകാര്യ വ്യവസായങ്ങളിലും സർക്കാർ സർവ്വീസിൽ എന്നപോലെ ഉദ്യോഗനിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 1968 ഏപ്രിൽ 3-ാം തീയതിയിലെ സർക്കുലർ നമ്പർ 97/സി 3/68 പ്രകാരം ഈ സംവരണം സർക്കാരിന്റെ ഭൂരിഭാഗം ഷെയർ ഉള്ള കമ്പനിക്കുമാത്രം ബാധകമാക്കി നിർദ്ദേശം നൽകുകയുണ്ടായി. ഈ നിർദ്ദേശം ഇപ്പോഴും നിലവിലുള്ളതും സർക്കാർ വക പ്രധാനപ്പെട്ട കമ്പനികളിലെല്ലാം പബ്ലിക് സർവീസ് കമ്മിഷൻ നിയമനം നടത്തി വരുന്നതുമാണ്. ഇതിൻപ്രകാരം സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും ജോലി സംവരണം നിലവിലില്ല.

(2) കേരളത്തിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കുള്ള പ്രഖ്യാപിത പെൻഷൻ പദ്ധതി

ശ്രീമതി ആർ. ലതാദേവി : സർ, വീടുകൾതോറും കയറിയിറങ്ങി ചെറിയചെറിയ തുകകൾ സമാഹരിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്കു സഹായിക്കുന്ന കേരളത്തിലെ ആയിരക്കണക്കിനുവരുന്ന മഹിളാ പ്രധാൻ ഏജന്റുമാർ ഇന്ന് വളരെയധികം പ്രയാസങ്ങൾ അഭിമുഖീകരിക്കുകയാണ്. ഇവർ ഇരട്ട യജമാനൻമാരുടെ നിയന്ത്രണത്തിൻ കീഴിലാണ്- സംസ്ഥാന ഗവൺമെന്റിന്റെയും അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിന്റെയും. അവരുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വർദ്ധിക്കുകയാണു ചെയ്യുന്നത്. പോസ്റ്റ് ഓഫീസുകളിൽ ധാരാളം പീഡന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഈ ഏജന്റുമാർ അനുഭവിക്കുകയാണ്. അവർക്ക് സമയത്ത് കമ്മിഷൻ കിട്ടാറില്ല. അലവൻസ് കിട്ടാറില്ല. എന്നാൽ ഈ വിഭാഗത്തിന് ഏറെ പ്രതീക്ഷ ഉണർത്തിയിരുന്ന ഒരു പ്രഖ്യാപനം കേരളാ ഗവൺമെന്റ് 1998-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തുകയുണ്ടായി. ഇവരുടെ പെൻഷൻ പദ്ധതി ഉടൻ പ്രാവർത്തികമാക്കും എന്ന പ്രഖ്യാപനമായിരുന്നു അത്. എന്നാൽ 1999-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അതു സംബന്ധിച്ച പരാമർശം ഒന്നും ഉണ്ടായില്ല. അതേയവസരത്തിൽ പെൻഷൻ പദ്ധതി പ്രാവർത്തികമാക്കിയിട്ടുമില്ല. പെൻഷൻ പ്രഖ്യാപനം ഉണ്ടായ അവസരത്തിൽ ഏറെ സന്തോഷിച്ച മഹിളാ പ്രധാൻ ഏജന്റുമാർ, ഈ സഹോദരിമാർ, ഇന്ന് ഏറെ ആശങ്കയിലാണ്. ഈ ആശങ്ക ദൂരീകരിച്ചുകൊണ്ട് അടിയന്തിരമായി ഇവരുടെ പെൻഷൻ പദ്ധതി പ്രാവർത്തികമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഇതു സംബന്ധിച്ച ഓരോ നോട്ടീസ് ശ്രീമതി കെ.കെ. ശൈലജ ടീച്ചറും ശ്രീമതി ഗിരിജാ സുരേന്ദ്രനും നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, മഹിളാ പ്രധാൻ ഏജന്റുമാർക്കുള്ള പെൻഷൻ പദ്ധതി 1998-ലെ ബഡ്ജറ്റ് പ്രസംഗത്തിൽതന്നെ ഞാൻ പ്രഖ്യാപിച്ചതാണ്. അവരുടെ ഒഫീഷ്യൽ സമ്മേളനത്തിൽ അത് ഉപയോഗത്തിൽ വരുത്തണമെന്നകാര്യം ഞാൻ ഉറപ്പു പറഞ്ഞതാണ്. ഗവൺമെന്റ് അന്നു പറഞ്ഞ, അന്നു തീരുമാനിച്ച, ആ ഉറപ്പിൽ തന്നെ നിൽക്കുന്നു. ഇപ്പോൾ പുതിയ പ്രഖ്യാപനങ്ങൾ, ഒന്നും നടത്താൻ പാടില്ല എന്ന ഇലക്ഷൻ ഗൈഡ്ലൈൻ ഉള്ളതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. 1998-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതുകഴിഞ്ഞ് അവരുടെ സമ്മേളനത്തിലും ഉറപ്പുനൽകിയിട്ടുണ്ട്. കൊടുത്ത ഉറപ്പുകൾ പൂർണ്ണമായി പാലിക്കുന്ന ഗവൺമെന്റാണിത്. ആ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യം നടപ്പിലാക്കും.

മി.സ്പീക്കർ : ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞകാര്യം പറയുന്നതിന് ഗൈഡ്ലൈൻ ഒന്നും കുഴപ്പമില്ല.

(3) വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, പെരുമവഴി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയുടെ അറ്റകുറ്റപ്പണികൾ

ശ്രീ. പി. നാരായണൻ : സർ, വികസനരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന വൈക്കം നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയുടെ പണി അടിയന്തിരമായി ചെയ്യണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. പ്രധാന ഭാഗം തലയാഴം, വെച്ചൂർ, വൈക്കം മുനിസിപ്പാലിറ്റി, തലയോലപ്പറമ്പ്, പെരുമ വഴി കടന്നുപോകുന്ന ഈ ഹൈവേയുടെ പണിയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അത് അടിയന്തിരമായി നടപ്പാക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

[10 am] വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വെച്ചൂർ, തലയാഴം, വൈക്കം മുനിസിപ്പാലിറ്റി, വല്ലയം, വടയാർ, തലയോലപ്പറമ്പ്, പെരുമ തുടങ്ങിയ മേഖലകളിൽക്കൂടിയാണ് ഈ സ്റ്റേറ്റ് ഹൈവേ കടന്നുപോകുന്നത്. തണ്ണീർമുക്കം ബണ്ട് മുതലുള്ള ഭാഗത്ത് ചില വർക്കുകൾ അറേഞ്ച് ചെയ്തതാണ്. കുറെയെല്ലാം പാച്ചു വർക്ക് നടത്തി. വൈക്കം-വെച്ചൂർ റോഡിന് പണി ആവശ്യമായിട്ട് വന്നില്ല. ഏറ്റുമാനൂർ-എറണാകുളം റോഡ് 2.8 മീറ്റർ ദൂരം ഉപരിതലം പുതുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly